ജില്ല		തുക
തിരുവനന്തപുരം		67,94,906
കൊല്ലം		8,72,293
പത്തനംതിട്ട		38,91,913
ആലപ്പുഴ		21,59,997
കോട്ടയം		1,44,32,228
ഇടുക്കി		77,09,688
എറണാകുളം		1,56,55,816
തൃശ്ശൂർ		70,80,695
പാലക്കാട്		1,00,91,935
മലപ്പുറം		34,99,799
കോഴിക്കോട്		46,85,692
വയനാട്		14,48,555
കണ്ണൂർ		28,98,940
കാസർഗോഡ്		12,86,069
	ആകെ	8,25,08,526

തൊഴിലാളികളുടെ മിനിമം വേതനം നിശ്ചയിക്കാൻ നടപടി

78 [1283] ശ്രീ. കെ. മോഹൻ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളികൾക്ക് മിനിമം വേതനം ഏതെല്ലാം മേഖലകളിലും സ്ഥാപനങ്ങളിലും നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇനിയും മിനിമം വേതനം നിശ്ചയിക്കുവാനും നടപ്പിലാക്കുവാനും കഴിഞ്ഞിട്ടില്ലാത്ത മേഖലകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത മേഖലകളിലും സ്ഥാപനങ്ങളിലും മിനിമം വേതനം നിശ്ചയിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) മിനിമം വേതനം ഉറപ്പാക്കിയ മേഖലകളിൽ അത് നിഷേധിക്കുന്നതിന്റെ പേരിൽ കഴിഞ്ഞ 4 വർഷത്തിനുള്ളിൽ എത്ര പരാതികൾ ലഭിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഒരേ മിനിമം വേതനം നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് നിയമം നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 41 മേഖലകളിൽ മിനിമം വേതനം നടപ്പിലാക്കിയിട്ടുണ്ട്. റിസ്റ്റ്† അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

(ബി) മിനിമം വേതനം നിശ്ചയിക്കുന്നതിനുവേണ്ടി മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയ 20 മേഖലകളുടെ വിവരം † അനുബന്ധം II ആയും മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്ന മേഖലകളുടെ വിവരം † അനുബന്ധം III ആയും ചേർത്തിട്ടുണ്ട്. ഗാർമെന്റ് നിർമ്മാണ മേഖലയിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടിയുള്ള പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) ആദ്യമായി മിനിമം വേതനം നിശ്ചയിക്കേണ്ട മേഖലകളായതിനാൽ മിനിമം വേതന കമ്മിറ്റി രൂപവൽക്കരിച്ച് മിനിമം വേതനം നിശ്ചയിക്കുന്നതാണ് അഭികാമ്യം. കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ഡി) കൃത്യമായ കണക്ക് ശേഖരിച്ച് നൽകുന്നതാണ്.

(ഇ) മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ 1948-ലെ മിനിമം വേതന നിയമത്തിലെ വകുപ്പ് (20) അനുസരിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ആഫീസർമാർ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്ത് മിനിമം വേതനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ചില തൊഴിൽ മേഖലകളിൽ ഏകീകൃതമിനിമം വേതനം നടപ്പാക്കുന്നതിന് രൂപവൽക്കരിച്ചിട്ടുള്ള കമ്മിറ്റിയിൽ സംസ്ഥാന ലേബർ കമ്മീഷണർ അംഗമാണ്. ഏകീകൃത മിനിമം വേതനം നടപ്പിലാക്കുന്നതിനുള്ള നടപടി ശേഖരിച്ചുവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly